File No.TCPCTP/2471/2019-C2

# മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം

വിഷയം:- നഗരഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രണ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - മലപ്പുറം ജില്ല -മേലാറ്റൂർ ഗ്രാമ പഞ്ചായത്ത് - മേലാറ്റൂർ വില്ലേജ്- പെട്രോൾ പമ്പ് നിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മലപ്പുറം നഗരാസൂത്രകയുടെ 19/10/2019- ലെ TCPMPM/2104/2019-A3 നമ്പർ കത്ത്.

2. മേലാറ്റൂർഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27/09/19-ലെ എ 3/1939/19 നമ്പർ കത്ത്.

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

**ഉത്തരവ്. നം. TCPCTP/2471/19-C2** **തീയതി : 19/11/2019**

---

മലപ്പുറം ജില്ലയിലെ മേലാറ്റൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മേലാറ്റൂർ വില്ലേജിൽ റീസർവ്വേ നമ്പർ 15/1,15/2 15/3,16/1 എന്നിവയിൽ ഉൾപ്പെട്ട 4 ഹെക്ടർ സ്ഥലത്തിനകത്തായി റീസർവ്വേ നമ്പർ 15/1,15/3 എന്നിവയിൽപ്പെട്ട 22.24 സെൻറ് ഭൂമിയിൽ ആകെ 163 .41 ച .മീ വിസ്തീർണമുള്ള (Canopy area -128 ച .മീ +Sales Building -35 .41 ച .മീ) പെട്രോൾ പമ്പ്നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. നൗഷാദ് ബാബു കെ., മൊടപ്പിലാശ്ശേരി (H), പാണ്ടിക്കാട് (PO), മലപ്പുറം എന്നവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. നിർമാണം KPBR 2011 നും അനുബന്ധ ചട്ടങ്ങൾക്കും അനുസൃതമായിരിക്കണം.
2. KPBR 2011 11(I) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം,അതിരുകൾ, അളവുകൾ, തരം, നിർമാണാവകാശം മുതലായവ പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. KPBR 61(5) പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി ലഭ്യമാക്കേണ്ടതാണ്.
4. KPBR 2011 61(6), 61(9) പ്രകാരം ആവശ്യമായ അഗ്നിസുരക്ഷാ സൗകര്യങ്ങൾ ഒരുക്കേണ്ടതും അഗ്നിസുരക്ഷാവകുപ്പിന്റെയും, ജില്ലാ കളക്ടറുടെയും നിരാക്ഷേപപത്രവും അനുമതിയും ലഭ്യമാക്കേണ്ടതുമാണ്.
5. പൊതു വാഹന ഗതാഗതത്തെ ബാധിക്കാത്ത രീതിയിൽ നിർദ്ദിഷ്ട സ്ഥലത്തേയ്ക്കുള്ള വാഹനങ്ങളുടെ ആഗമനത്തിനും ബഹിർഗമനത്തിനുമുള്ള

ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്. പ്ലോട്ടിന് പടിഞ്ഞാറു വശത്തുള്ള പ്രൈവറ്റ് റോഡ് പ്രകാരം അപകടസാധ്യതയില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്.

6. കെ.പി.ബി.ആർ 61 (10) പ്രകാരം പെട്രോൾ ടാങ്ക്, അനുബന്ധ ഘടകങ്ങൾ എന്നിവ സ്ഥാപിക്കുന്നത് പെട്രോളിയം റൂൾസ് 1976-ലെ നിബന്ധനകൾക്ക് വിധേയമായിരിക്കേണ്ടതാണ്.
7. കെ പി ബി ആർ പ്രകാരമുള്ള ജില്ലാ കളക്ടറുടെ അനുമതി നേടിയിരിക്കേണ്ടതാണ്.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 140/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>**

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

പി.ആർ. ജയശ്രീ.
നഗരാസൂത്രക

ടൗൺ പ്ലാനറുടെ കാര്യാലയം
പിൻ-695 143

സെക്രട്ടറി,
മേലാറ്റൂർ ഗ്രാമപഞ്ചായത്ത്

പകർപ്പ്:-

1. ശ്രീ. നൗഷാദ് ബാബു കെ., മൊടപ്പിലാശ്ശേരി (H), പാണ്ടിക്കാട് (PO), മലപ്പുറം.
2. ടൗൺ പ്ലാനർ, മലപ്പുറം.
3. വെബ് സൈറ്റ്.
4. കരുതൽ ഫയൽ.
5. അധികം.